പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5792 | 05/07/2013 -ൽ മറുപടിക്ക്

**ആധാരമെഴുത്തുകാർക്ക് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ നിയന്ത്രണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| സബ് രജിസ്ട്രാർ ഓഫീസുകളിൽ ലൈസൻസുള്ള ആധാരമെഴുത്തുകാരെ പോലും പ്രവേശിപ്പിക്കാൻ പാടില്ല എന്നുള്ള ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ? | 1960-ലെ, ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 29(ii) പ്രകാരം, ആധാരമെഴുത്തുകാരൻ ഒരു മദ്ധ്യവർത്തിയായി (tout) പ്രവർത്തിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 13 എഫ് പ്രകാരം, ലൈസൻസി, കക്ഷികളോടോ, അവർ യഥാവിധി അധികാരപ്പെടുത്തിയ ഏജന്റുമാരോടോ, മുക്ത്യാർ നാമത്താൽ അധികാരപ്പെടുത്തിയവരോടോ, രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻമാരുടെ മുമ്പാകെ മറ്റേതെങ്കിലും ഏജൻസി മുഖാന്തിരമല്ലാതെ നേരിട്ട് പ്രമാണങ്ങളോ ഹർജികളോ ഹാജരാക്കുകയോ ഫീസ് ഒടുക്കുകയോ ചെയ്യാൻ നിർദ്ദേശിക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്.<br><br>1960-ലെ, കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 22(ഡി) പ്രകാരം, ടി ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് |

ആവശ്യമായേക്കാവുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ, ആധാരമെഴുത്തുകാർക്കും പകർത്തിയെഴുത്തുകാർക്കും നൽകുന്നതിന്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലി(ലൈസൻസിംഗ്)നെ ചുമതലപ്പെടുത്തുന്നുണ്ട്.

ആധാരമെഴുത്തുകാർ, സബ് രജിസ്ട്രാർ ആഫീസുകളിൽ കക്ഷികൾക്കുവേണ്ടി ഇടനിലക്കാരായിനിന്ന് പണം പറ്റുന്നതായും മറ്റുമുള്ള നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ, ഇവരുടെ ഇത്തരം പ്രവൃത്തികൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി മനസ്സിലാക്കി, പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനും, സുതാര്യമായസേവനം ഉറപ്പാക്കുന്നതിനുമാണ്, ആധാരമെഴുത്തുകാർക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മുൻകാലങ്ങളിലും ഇത്തരത്തിലുള്ള സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.